III ഇ.ബി. XII-കേരള നിയമസഭ/IV-12

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 മാർച്ച് 19, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വിശ്വാസി സമൂഹത്തെ വേദനിപ്പിച്ച പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ *271–ാം നമ്പർ ചോദ്യം ചോദിക്കുന്നില്ലെന്ന് ചോദ്യകർത്താക്കൾ അറിയിച്ചതിനെത്തുടർന്ന് ഉന്നയിക്കപ്പെട്ടില്ല.

*272–ാം നമ്പർ ചോദ്യം ഉന്നയിക്കാൻ ചോദ്യകർത്താക്കൾ തയ്യാറാകാത്തതിനാൽ *273–ാം നമ്പർ ചോദ്യം ഉന്നയിക്കുകയും ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തു.

*274–ാം നമ്പർ ചോദ്യം ഉന്നയിക്കുന്നതിനായി ചോദ്യകർത്താക്കളെ വിളിച്ചപ്പോൾ മെമ്പർ ഹൗസിൽ ഉണ്ടെങ്കിൽ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്ക് മന്ത്രി ഉത്തരം പറയേണ്ടതാണെന്നും പ്രതിപക്ഷാംഗങ്ങളുടെ അവകാശങ്ങൾ

സംരക്ഷിക്കണമെന്നും ശ്രീ. കെ. സി. ജോസഫ് ആവശ്യപ്പെടുകയും അംഗങ്ങളുടെ അവകാശം ഒരിക്കലും നിഷേധിക്കുന്നില്ലെന്നും *272-ാം നമ്പർ ചോദ്യത്തിന് എല്ലാ അംഗങ്ങളെയും വിളിച്ചതിനുശേഷം ആരും എഴുന്നേൽക്കുന്നില്ലെന്ന് കണ്ടപ്പോഴാണ് *273-ാം നമ്പർ ചോദ്യത്തിലേയ്ക്ക് കടന്നതെന്നും അതിന് മറുപടി പറഞ്ഞതിനുശേഷവും വീണ്ടും *272-ാം നമ്പർ ചോദ്യകർത്താക്കളെ വിളിച്ചുവെന്നും ആവശ്യമെങ്കിൽ സഭാ രേഖകൾ പരിശോധിക്കാമെന്നും *272-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

അംഗങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവകാശം നിഷേധിച്ചതിൽ പ്രതിഷേധിച്ച് ശ്രീ. ജി. കാർത്തികേയൻ പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോവുകയും ചെയ്തു.

*274-ാം നമ്പർ ചോദ്യം ഉന്നയിക്കുകയും കൃഷി വകുപ്പു മന്ത്രി മറുപടി നൽകുകയും ചെയ്തു.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി.

## II ശ്രദ്ധ ക്ഷണിക്കൽ

(1) ഓണാട്ടുകര വികസന ഏജൻസിയുടെ മൂന്നാംഘട്ട പദ്ധതി മരവിപ്പിച്ചതുമൂലം ഓണാട്ടുകര മേഖലയിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന കാർഷിക പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ.കെ. ഷാജു കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) ഖരമാലിന്യം വർദ്ധിച്ചുവരുന്നതുമൂലം സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പരിസ്ഥിതി പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. വി. സുരേന്ദ്രൻപിള്ള തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## III സബ്മിഷൻ

(1) സംസ്ഥാനത്തെ പാൽ ക്ഷാമം സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) മാരിടൈം സർവ്വകലാശാലയുടെ കാമ്പസ് കേരളത്തിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പ്രൊഫ: കെ.വി. തോമസ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) അബ്ദുൾനാസർ മ്അദനിക്ക് പരോളും ചികിൽസയും ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ കെ.ടി. ജലീൽ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(4) സി.ഐ.എ.യുടെ സഹായത്തോടുകൂടി മാധ്യമ സിൻഡിക്കേറ്റ് പ്രവർത്തിക്കുന്നുവെന്നത് സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

( പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും സംസാരിച്ചു.)

(5) കെൽടെക് പ്രതിരോധ വകുപ്പ് ഏറ്റെടുക്കേണ്ട ആവശ്യകത സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(ശ്രീ. വർക്കല കഹാറും സംസാരിച്ചു.)

(6) തലസ്ഥാന നഗരിയിലെ ശുദ്ധജലക്ഷാമം സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി നൽകി.

(7) കല്ലറ–പാങ്ങോട്–അരുവിപ്പുറം കുടിവെള്ള പദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി ജെ. അരുന്ധതി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(8) ചെങ്കോട്ടയിലെ വനംവകുപ്പുവക ഭൂമി അന്യാധീനപ്പെട്ടു പോകാനിടയുള്ള സാഹചര്യം സംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച സബ്മിഷന് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) മദ്രസ്സകളുടെ പഠന സമയമാറ്റം സംബന്ധിച്ച് ശ്രീ. സി.ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) കോന്നിയിൽ റീ–സർവ്വേ സൂപ്രണ്ട് ഓഫീസ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(11) ജലസേചനം അനിവാര്യമായ സന്ദർഭങ്ങളിൽ ഫ്യൂസ് ഊരുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച്

ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി

(12) എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും വികസിപ്പിക്കേണ്ടതു സംബന്ധിച്ച് ശ്രീ. ജോർജ് മേഴ്സിയർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(13) സൈലന്റ് വാലിയുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടത് സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) വികലാംഗരായ ഉദ്യോഗാർത്ഥികളുടെ റിക്രൂട്ട്മെന്റ് ത്വരിത പ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി.ടി.എ. റഹിം ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(15) വയനാട്ടിലെ നല്ലൂർനാട് അംബേദ്കർ ആശുപത്രിയുടെ പ്രവർത്തനം നിലച്ചത് സംബന്ധിച്ച് ശ്രീ. കെ.സി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും മറുപടി നൽകി.

(16) മലവേടൻ സമുദായത്തിൽപ്പെട്ടവർക്ക് സംവരണം ലഭ്യമാക്കാത്തതു സംബന്ധിച്ച് ശ്രീ. എസ്. രാജേന്ദ്രൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(17) കെ.എസ്.ഇ.ബി. ലൈൻമാൻ പുല്ലാഞ്ഞി സുരേശന്റെ അപകടമരണം സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(18) മലപ്പുറത്തെ കോട്ടയ്ക്കലിലെ ലക്ഷ്മണന്റെ കൊലപാതകം സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(ശ്രീ. ജി.കാർത്തികേയനും സംസാരിച്ചു.)

(19) തീരൂർ, താനൂർ തീരപ്രദേശങ്ങളിലെ സംഘർഷാവസ്ഥ സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(ശ്രീ. പി.പി. അബ്ദുള്ളക്കുട്ടിയും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു.)

## IV ധനകാര്യം

**വോട്ട് ഓൺ അക്കൗണ്ട് – ചർച്ചയും വോട്ടെടുപ്പും**

“ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2007–08 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി ഉപക്ഷേപത്തെ പിന്താങ്ങി.

സർവ്വശ്രീ. എ.പി. അനിൽ കുമാർ, തോമസ് ചാണ്ടി, കെ.കെ. ഷാജു എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

വോട്ട് ഓൺ അക്കൗണ്ട് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ എം.എ. വാഹീദ്, എം. പ്രകാശൻ മാസ്റ്റർ, സി.ടി. അഹമ്മദ് അലി, പള്ളിപ്രം ബാലൻ, ജോസഫ് എം. പുതുശ്ശേരി, കെ.പി. മോഹനൻ, പി.ജെ. ജോസഫ്, യു.സി. രാമൻ, രാമചന്ദ്രൻ കടന്നപ്പള്ളി, പി.പി. അബ്ദുള്ളക്കുട്ടി, വർക്കല കഹാർ, തോമസ് ചാണ്ടി, സി.എച്ച്. കുഞ്ഞമ്പു, കെ. അജിത്, വി.ജെ. തങ്കപ്പൻ, കെ. സുധാകരൻ, ശ്രീമതി കെ.കെ. ലതിക എന്നീ അംഗങ്ങൾ സംസാരിച്ചു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവർ ചർച്ചയ്ക്ക് മറുപടി പറഞ്ഞു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം 31–നെതിരെ 82 വോട്ടുകളോടെ സഭ പാസ്സാക്കി.

2007 മാർച്ച് 20–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.15–ന് പിരിഞ്ഞു.